**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ലെ ബജറ്റിൽ 60 ലക്ഷം രൂപ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള, വൈപ്പിൻ നിയോജകമണ്ഡലത്തിലെ ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് അധിക തുകയ്ക്കുള്ള ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | ചെറായിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് 2019-20 വർഷം പ്രത്യേക ധനസഹായ ഇനത്തിൽ അനുവദിച്ച 49,75,000/-രൂപ (നാൽപത്തി ഒമ്പത് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപമാത്രം) 2020-21 വർഷം കൈമാറിയിരുന്നു. എന്നാൽ സ്ഥാപനം പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. പദ്ധതിയ്ക്ക് മൊത്തം 1,49,75,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും, മുൻപ് ട്രസ്റ്റിന് അനുവദിച്ച 49,75,000/- രൂപ കഴിച്ച് 1,00,00,000/- രൂപ (ഒരു കോടി രൂപ) അനുവദിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ചെറായിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് 2019-20 വർഷം പ്രത്യേക ധനസഹായ ഇനത്തിൽ അനുവദിച്ച 49,75,000/-രൂപ (നാൽപത്തി ഒമ്പത് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപമാത്രം) 2020-21 വർഷം കൈമാറിയിരുന്നു. എന്നാൽ സ്ഥാപനം പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നാളിതുവരെ ഹാജരാക്കിയിട്ടില്ല. പദ്ധതിയ്ക്ക് മൊത്തം 1,49,75,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും, മുൻപ് ട്രസ്റ്റിന് അനുവദിച്ച 49,75,000/- രൂപ കഴിച്ച് 1,00,00,000/- രൂപ (ഒരു കോടി രൂപ) അനുവദിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ